**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ഒ.എ. നം.1371/2017 നമ്പർ കേസിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 20.7.2017-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2224/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 10/08/2018

---

പരാമർശം:- 1 പഞ്ചായത്ത് വകുപ്പിൽ അസിസ്റ്റന്റ് സെക്രട്ടറിയായി സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. കെ.പി. മധുപാൽ സമർപ്പിച്ച 19.06.2017-ലെ നിവേദനം

2 ശ്രീ. കെ.പി. മധുപാൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച ഒ.എ 1371/2017 നമ്പർ കേസിലെ 20.07.2017-ലെ വിധിന്യായം

3 പഞ്ചായത്ത് ഡയറക്ടറുടെ 27.09.2017-ലെ ഇ8-32724/2017നമ്പർ കത്ത്

**ഉത്തരവ്**

പഞ്ചായത്ത് വകുപ്പിൽ നിന്നും അസിസ്റ്റന്റ് സെക്രട്ടറിയായി സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. മധുപാൽ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1371/2017-ന്മേൽ ബഹു ട്രൈബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പരാതിക്കാരനായ ശ്രീ. മധുപാൽ അനക്ഷർ എ 18 ആയി സമർപ്പിച്ച നിവേദനത്തിന്മേൽ പരാതിക്കാരനെ നേരിൽ കേട്ട് 3 മാസത്തിനുള്ളിൽ തീർപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്..

2. പഞ്ചായത്ത് വകുപ്പിൽ 2.3.1993-ൽഎൽ.ഡി. ക്ലാർക്കായി പ്രവേശിച്ച് 18.7.1998-ൽ യു.ഡി ക്ലാർ ക്കായും 17.8.2008-ൽ ജൂനിയർ സൂപ്രണ്ടായി പ്രൊമോഷൻ ലഭിക്കുകയും 10.5.2014-പ്രൊബേഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടും, തന്റെ ജൂനിയർമാരായ 4 പേർക്ക് സെക്രട്ടറിയായി പ്രൊമോഷൻ നൽകിയിട്ടും തനിക്ക പ്രൊമോഷൻ നൽകിയില്ലയെന്നും ആയതു സംബന്ധിച്ച് താൻ സർക്കാരിലേക്ക് അപേക്ഷ നൽകിയിട്ടും പട്ടികജാതിയിൽപ്പെട്ട ജീവനക്കാരൻ എന്ന പരിഗണനയോ വിരമിക്കാൻ ഒരു വർഷത്തിൽ കുറവ് എന്ന പരിപരിഗണനയോ നൽകിയില്ലായെന്നും ആയതിനാൽ നിയമവിരുദ്ധമായി പ്രമോഷൻ നിഷേധിച്ച തനിക്ക് തന്റെ ജൂനിയർമാർക്ക് പ്രൊമോഷൻ നൽകിയ 05.08.2015 പ്രാബല്യത്തിൽ പ്രൊമോഷനും അർഹതപ്പെട്ട ആനുകല്യങ്ങളും നൽകണമെന്നാണ് പരാതിക്കാരൻ അനക്ഷർ എ18 പ്രകാരം സമർപ്പിച്ച പരാതിയിലെ പ്രധാന ആവശ്യം. ബഹു. ട്രൈബ്യൂണൽ വിധിയുടെ അടിസ്ഥാനത്തിൽ ശ്രീ. മധുപാലിനെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട അവസരത്തിലും ശ്രീ. മധുപാൽ അനക്ഷർ എ 18-ൽ ആവശ്യപ്പെട്ട കാര്യങ്ങൾ തന്നെയാണ് ഉന്നയിച്ചത്.

3. ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീ. മധുപാലിന് തന്റെ സീനിയർ ഉദ്യോഗസ്ഥനായ ശ്രീ. സി.കെ. ദിവാകരൻ, ജൂനിയർ ആയ ശ്രീമതി. അദില എന്നിവർക്ക് യു.ഡി. ക്ലാർക്കായി പ്രൊമോഷൻ നൽകിയ തീയതിയിൽത്തന്നെ യു.ഡി. ക്ലാർക്കായി പ്രൊമോഷൻ നൽകിയെന്നും ഹെഡ് ക്ലാർക്ക് തസ്തികയിലേക്ക് റാങ്ക് നമ്പർ പ്രകാരമാണ് പ്രൊമോഷൻ നൽകിയതെന്നും എന്നാൽ 2015-ലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥാനകയറ്റത്തിന് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി CR ക്ഷണിക്കുകയും ശ്രീ. മധുപാൽ നൽകിയ C R അപൂർണ്ണമായതിനാൽ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നില്ലായെന്നും ആയതിനാലാണ് ജൂനിയറായ ഉദ്യോഗസ്ഥൻ സെലക്ട് ലിസ്റ്റിൽ ഉൾപെട്ട് പ്രമോഷന് പരിഗണിക്കപ്പെട്ടതെന്നും അപേക്ഷകൻ അപാകതകൾ പരിഹരിച്ച് C R സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 04.02.2016-ൽ കൂടിയ ഡി.പി.സി.യിൽ യോഗ്യത നേടുകയും 15.06.2016-ലെ ഇ8/999/15 നമ്പർ നോട്ടിഫിക്കേഷനിൽ അപേക്ഷകന്റെ പേര് 31-മതായി ഉൾപ്പെടുത്തുകയും ചെയ്തിരുന്നുവെന്നും എന്നാൽ ബഹു. കേരള ഹൈക്കോടതി 06.03.2015-ൽ പുറപ്പെടുവിച്ച ഉത്തരവിൽ 2010, 2014 വർഷങ്ങളിലെ സീനിയോറിറ്റി/ഗ്രഡേഷൻ പട്ടിക റദ്ദ ചെയ്തുകൊണ്ടും പുതിയ സീനിയോറിറ്റി പട്ടിക തയ്യാറാക്കി പ്രസിദ്ധികരിക്കുന്നതിന് സർക്കാരിനോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 04.02.2016-ലെ ഡി.പി.സി. സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടവരെ സെക്രട്ടറി തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കാൻ സാധിച്ചില്ലായെന്നും ആയതിനാൽ ശ്രീ. മധുപാലിനെ സ്ഥാനക്കയറ്റത്തിന് പരിഗണിക്കാൻ സാധിച്ചില്ലായെന്നും പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർക്ക്

2016 ഡിസംബർ മാസത്തിൽ മാത്രമാണ് സെക്രട്ടറിയായി പ്രൊമോഷൻ നൽകിയത് എന്നും ശ്രീ. മധുപാൽ 31.5.2016 ൽ സേവനത്തിൽ നിന്നും വിരമിച്ചുവെന്നും ഇപ്രകാരം നഷ്ടം സംഭവിച്ച ശ്രീ. മധുപാൽ ഉൾ പ്പെടെയുള്ള 4 4 ജീവനക്കാർക്ക് മുൻകാലപ്രാബല്യത്തോടെ അർഹതയുണ്ടെന്നും ആയത് 24.11.2016-ലെ ഡി.പി.സി. മിനിട്ട്സിൽ രേഖപെടുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തിക ഒരു സെലക്ഷൻ തസ്തികയാണെന്നു കാണുന്നു. സെലക്ഷൻ തസ്തികയിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റികൂടി തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റ ഉത്തരവായതിനുശേഷം ഉയർന്ന തസ്തികയിൽ പ്രവേശിച്ചാൽ മാത്രമേ പ്രൊമോഷൻ ലഭിച്ചതായി കണക്കാക്കാനാകൂ. പ്രൊമോഷൻ ഒരു അവകാശമായി കണക്കാക്കാനാകില്ല. ഒരു തസ്തികയിൽ ഒഴിവുണ്ടായിരുന്നു എന്ന കാരണത്താലോ നടപടിക്രമങ്ങൾ യഥാസമയം നടന്നിരുന്നെങ്കിൽ തനിക്ക് പ്രൊമോഷൻ ലഭിക്കുമായിരുന്നു എന്ന സാഹചര്യത്തിലോ ഒരാളിന് സെലക്ഷൻ തസ്തികയിൽ മുൻകാല പ്രാബല്യത്തിൽ പ്രൊമോഷൻ നല്കാൻ വ്യവസ്ഥയില്ല. കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാതിരുന്ന കാരണം കൊണ്ട് 2015-ലെ സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയതിനെതിരെ ശ്രീ. മധുപാൽ കെ.എസ് & എസ്.എസ്.ആർ 1958 ഭാഗം II ചട്ടം 28 (b) (i) (8) (a) പ്രകാരം ഡി.പി.സി. കൺവീനറിന് നിവേദനം സമർപ്പിച്ചിട്ടുള്ളതായും കാണുന്നില്ല. മാത്രമല്ല, കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനെ ഉൾപ്പെടുത്തപ്പെട്ട 2016 ലെ സെലക്ട് ലിസ്റ്റിൽ നിന്നും സർവ്വീസിലിരിക്കെ അപേക്ഷകനെ മറികടന്ന് ജൂനിയർമാർക്ക് ആർക്കും പ്രൊമോഷൻ നൽകിയതായി റിപ്പോർട്ട് ചെയ്തിട്ടുമില്ല. ഈ സാഹചര്യത്തിൽ നോഷണൽ സ്ഥാനക്കയറ്റം അനുവദിക്കണമെന്ന ശ്രീ. കെ.പി. മധുപാലിന്റെ ആവശ്യം പരിഗണനാർഹമല്ലെന്നുകണ്ട് നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.മോഹനദാസ്**

**അഡീഷണല് സെക്രട്ടറി**

1. ശ്രീ. കെ.പി. മധുപാൽ, പ്രണവം, കതിരൂർ, കണ്ണൂർ – 670 642
2. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ